# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 19.10.2024** | **പ്രധാന വാർത്തകൾ** | **TIME : 07.25 AM**

1. ത്രിരാഷ്ട്ര ആഫ്രിക്കൻ സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിലേക്ക് തിരിക്കും.

   **President Draupadi Murmu will return to New Delhi today after completing a three-nation Africa visit.**

2. കേന്ദ്ര സർക്കാർ ജീവനക്കാരുടെ പ്രവർത്തന മികവ് വികസിപ്പിക്കുന്നതിനുള്ള കർമ്മയോഗി സപ്താഹ്-ദേശീയ പഠന വാരത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കും.

   **Prime Minister Narendra Modi will launch the Karmayogi Saptah-National Learning Week (NLW) today in New Delhi.**

3. റാബി ധാന്യങ്ങളുടെ പ്രചാരണത്തിനായുള്ള ദേശീയ കാർഷിക സമ്മേളനം കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

   **Union Agriculture and Farmers' Welfare Minister Shivraj Singh Chouhan will inaugurate a day-long National Conference on Agriculture for the Rabi Campaign in New Delhi today.**

4. ഗസയിൽ ക്ഷാമം രൂക്ഷമെന്ന് യു എൻ. 1.84 ദശലക്ഷം ആളുകൾ ഭക്ഷ്യ അരക്ഷിതാവസ്ഥ നേരിടുന്നു എന്ന് റിപ്പോർട്ട്.

   **Famine is severe in Gaza, says the UN. 1.84 million people are reported to be facing food insecurity.**

5. തമിഴ്നാട്, പുതുച്ചേരി, കർണാടക എന്നിവിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക്.

**The Indian Meteorological Department has predicted heavy rains in Tamil Nadu, Puducherry and Karnataka. Fishing ban on Kerala-Karnataka-Lakshadweep coasts till tomorrow.**

6. ന്യൂസിലൻഡിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയുടെ രണ്ടാം ഇന്നിംഗ്സ് ഇന്ന് പുനരാരംഭിക്കും.

**India's second innings will resume today in the first match of the Test cricket series against New Zealand.**

&&&&&&&&&&&&&&&&

# HEADLINE – 1

## PRESIDENT VISIT - INTRO

ത്രിരാഷ്ട്ര ആഫ്രിക്കൻ സന്ദർശനത്തിൻ്റെ ഭാഗമായി മലാവിയിലെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു മലാവി നേതൃത്വവുമായി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തി. തുടർന്ന് ഇന്ത്യയും മലാവിയും വിവിധ മേഖലകളിലെ സഹകരണത്തിനായി 4 ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു. ആകാശവാണിക്ക് വേണ്ടി രാഷ്ട്രപതിയുടെ മാധ്യമ സംഘത്തിൽ നിന്നും മയൂഷ എ എം.....

(വോയ്സ്)

ഇതാദ്യമായാണ് ഒരു ഇന്ത്യൻ രാഷ്ട്രപതി ഈ മൂന്ന് ആഫ്രിക്കൻ രാജ്യങ്ങളും സന്ദർശിക്കുന്നത്. ഇന്ത്യയുടെ അധ്യക്ഷതയിൽ നടന്ന കഴിഞ്ഞ ജി 20 ഉച്ചകോടിയിൽ ആഫ്രിക്കൻ യൂണിയന് സ്ഥിരം അംഗത്വം നൽകിയിരുന്നു.

&&&&&&&&&&&&&&&&

## HEADLINE – 2

## KARMAYOGI SAPTAH

കർമ്മയോഗി സപ്താഹ് -ദേശീയ പഠന വാരത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കും. കേന്ദ്ര സർക്കാർ സർവ്വീസിലേക്ക് പുതുതായി പ്രവേശിക്കുന്നവരുടെ കഴിവ് വികസിപ്പിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. 2020 സെപ്റ്റംബറിലാണ് കർമയോഗി ദൗത്യത്തിന് കേന്ദ്രസർക്കാർ തുടക്കം കുറിച്ചത്. ഇന്ത്യൻ സിവിൽ സർവീസിനെ ആഗോള കാഴ്ചപ്പാടുകൾക്ക് അധിഷ്ഠിതമായി ഭാവിയിലേക്ക് സന്നദ്ധമാക്കുകയാണ് പരിപാടിയുടെ ലക്ഷ്യം.

&&&&&&&&&&&&&&&&

## VP - SIKAR

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഒരു ദിവസത്തെ സന്ദർശനത്തിനായി രാജസ്ഥാനിലെ സീക്കറിലെത്തും. ശോഭ സരിയ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിസ്റ്റ്യൂഷൻസിൻറെ രജത ജൂബിലി ചടങ്ങിൽ മുഖ്യാതിഥിയായി ഉപരാഷ്ട്രപതി പങ്കെടുക്കും.

&&&&&&&&&&&&&&&&

## HEADLINE – 3

## AGRI MIN-RABI CONFERENCE

റാബി ധാന്യങ്ങളുടെ പ്രചാരണത്തിനായുള്ള ദേശീയ കാർഷിക സമ്മേളനം കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. കേന്ദ്ര സഹമന്ത്രി രാംനാഥ് താക്കൂറും ചടങ്ങിൽ പങ്കെടുക്കും. കാർഷിക മേഖലയിലെ സഹകരണവും നവീകരണവും പ്രോത്സാഹിപ്പിക്കുന്നതിനും, റാബി

കാമ്പെയ്ൻ വിജയകരമാക്കാനും സമ്മേളനം ലക്ഷ്യമിടുന്നു.

&&&&&&&&&&&&&&&&

## FREE DIALYSIS

വൃക്കരോഗം ബാധിച്ച രോഗികൾക്ക് സൗജന്യ ഡയാലിസിസ് സേവനം ഉറപ്പാക്കി ഹരിയാന സർക്കാർ. ഹരിയാനയിൽ പുതുതായി രൂപീകരിച്ച മന്ത്രിസഭയുടെ ആദ്യ യോഗത്തിൽ അധ്യക്ഷത വഹിച്ച ശേഷം മുഖ്യമന്ത്രി നയാബ് സിംഗാണ് ഇക്കാര്യം അറിയിച്ചത്. പാവപ്പെട്ടവരുടെ ക്ഷേമത്തിനാണ് സർക്കാരിൻറെ പ്രഥമ പരിഗണനയെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

## INDIA - SAUDI ARABIA

ഇന്ത്യയും സൗദി അറേബ്യയും തമ്മിലുള്ള തന്ത്ര പങ്കാളിത്ത കൗൺസിലിൻറെ രാഷ്ട്രീയ സുരക്ഷ സാമൂഹിക സാംസ്കാരിക കമ്മിറ്റിയിയുടെ അവലോകന യോഗം ഇന്നലെ ന്യൂഡൽഹിയിൽ ചേർന്നു. വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രിയാണ് ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചത്. ഇരു രാജ്യങ്ങളും തമ്മിൽ ഉഭയകക്ഷി വിഷയങ്ങളും പരസ്പര താല്പര്യമുള്ള ആഗോള പ്രാദേശിക വിഷയങ്ങളും ചർച്ച ചെയ്തതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&

## UTTARAKHAND-UCC

ഉത്തരാഖണ്ഡിൽ ഏകീകൃത സിവിൽ കോഡ് നടപ്പാക്കുന്നതിന്റെ ഭാഗമായി മുൻ സംസ്ഥാന ചീഫ്

സെക്രട്ടറി ശത്രുഘ്നൻ സിങ്ങിൻ്റെ അധ്യക്ഷതയിൽ രൂപീകരിച്ച UCC Rules and Implementation Committee, മുഖ്യമന്ത്രി പുഷ്കർ സിങ് ധാമിക്ക് കരടുരേഖ സമർപ്പിച്ചു. മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചാലുടൻ സംസ്ഥാനത്ത് നിയമം നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. എല്ലാവരുടെയും സമത്വത്തിന് വേണ്ടിയുള്ളതാണ് നിയമമെന്നും ഇതിൽ ആരും ഭയപ്പെടേണ്ടതില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&

## PM - RUSSIA

16-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 22 മുതൽ റഷ്യ സന്ദർശിക്കും. ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങൾ പങ്കാളികളായ ഉച്ചകോടി, "സന്തുലിതമായ ആഗോള വികസനത്തിനു ബഹുമുഖ ശാക്തീകരണം" എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് നടക്കുക. സന്ദർശന വേളയിൽ പ്രധാനമന്ത്രി ബ്രിക്സ് രാഷ്ട്ര നേതാക്കൾ ഉൾപ്പെടെയുള്ളവരുമായി ഉഭയകക്ഷി ചർച്ചകൾ നടത്തുമെന്ന് പ്രതീക്ഷിക്കുന്നതായി വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

&&&&&&&&&&&&&&&&

## NDA SEAT-SHARING

വരാനിരിക്കുന്ന ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പിനായി സഖ്യകക്ഷികൾക്കിടയിൽ സീറ്റ് വിഭജനം പ്രഖ്യാപിച്ച് എൻ.ഡി.എ. 68 സീറ്റുകളിൽ ബിജെപി മത്സരിക്കുമെന്നും ഓൾ ഝാർഖണ്ഡ് സ്റ്റുഡൻ്റ്സ് യൂണിയൻ പാർട്ടിക്ക് 10 സീറ്റുകൾ നൽകിയിട്ടുണ്ടെന്നും

ഝാർഖണ്ഡ് തിരഞ്ഞെടുപ്പ് ചുമതലയുള്ള ഹിമന്ത ബിശ്വ ശർമ്മ റാഞ്ചിയിൽ പ്രഖ്യാപിച്ചു. ജനതാദൾ യൂണൈറ്റഡിന് രണ്ടും, എൽജെപിക്ക് ഒരു സീറ്റും നൽകിയിട്ടുണ്ട്. മറുവശത്ത്, സീറ്റ് പങ്കിടൽ തീരുമാനിക്കാൻ ഐ എൻ ഡി ഐ സഖ്യവും സഖ്യകക്ഷികളുമായുള്ള ചർച്ചകൾ പുരോഗമിക്കുന്നു.

&&&&&&&&&&&&&&&&

## PALAKKAD - INTRO

എൽ.ഡി.എഫ്, യു.ഡി.എഫ് സ്ഥാനാർഥി നിർണ്ണയം പൂർത്തിയായതോടെ പാലക്കാട് ജില്ലയിൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...

(വോയ്സ്)

&&&&&&&&&&&&&&&&

## MANDAVYA - KERALA

സായ് LNCPE-യിലെ നവീകരിച്ച ഗോൾഫ് കോഴ്സും, പുതുതായി നിർമ്മിച്ച പെൺകുട്ടികളുടെ ഹോസ്റ്റലും കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ മറ്റന്നാൾ ഉദ്ഘാടനം ചെയ്യും. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സംസ്ഥാന കായിക മന്ത്രി വി. അബ്ദു റഹിമാൻ, പത്മശ്രീ കെ. എം. ബീന മോൾ, ഖേൽ രത്ന ജേതാവ് പത്മിനി തോമസ് തുടങ്ങിയ പ്രമുഖർ പങ്കെടുക്കും.

&&&&&&&&&&&&&&&&

## HEADLINE – 4

## UN-GAZA

ഗസ മുനമ്പിൽ ഉടനീളം ക്ഷാമം രൂക്ഷമെന്ന് വേൾഡ് ഫുഡ് പ്രോഗ്രാമും ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷനും വ്യക്തമാക്കി. ഗസയിൽ ഏകദേശം 1.84 ദശലക്ഷം ആളുകൾ വൻതോതിൽ ഭക്ഷ്യ അരക്ഷിതാവസ്ഥയും രൂക്ഷമായ പോഷകാഹാരക്കുറവും അനുഭവിക്കുന്നുണ്ടെന്ന് യു എൻ സെക്രട്ടറി ജനറലിൻറെ വക്താവ് പറഞ്ഞു. മേഖലയിൽ എത്രയും വേഗം ക്രമസമാധാനം പുനഃസ്ഥാപിക്കാനും യു.എൻ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&

## HEADLINE – 6
## CRICKET

ന്യൂസിലൻഡിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയുടെ രണ്ടാം ഇന്നിംഗ്സ് ഇന്ന് പുനരാരംഭിക്കും. മൂന്നാം ദിനം കളി അവസാനിപ്പിക്കുമ്പോൾ 49 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 231 റൺസ് എന്നി നിലയിലാണ് ഇന്ത്യ. ഒന്നാം ഇന്നിങ്സിൽ 356 റൺസിന്റെ ലീഡ് വഴങ്ങിയ ഇന്ത്യ നിലവിൽ 125 റൺസിന് പിന്നിലാണ്. ആദ്യ ഇന്നിംഗ്സിൽ ഇന്ത്യ 46ന് പുറത്തായിരുന്നു.

&&&&&&&&&&&&&&&&

## PM INTERNSHIP SCHEME

നൈപുണ്യ വികസനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പി എം ഇന്റേൺഷിപ്പ് പദ്ധതിയിലേക്ക് യുവാക്കൾക്ക് ഈ മാസം 25 വരെ രജിസ്റ്റർ ചെയ്യാം. **pminternship.mca.gov.in** എന്ന ഓൺലൈൻ പോർട്ടലിലൂടെ 21 നും 24 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം.

ഒന്നേകാൽ ലക്ഷം ഇൻറേൺഷിപ്പ് അവസരങ്ങളാണ് ഈ സാമ്പത്തിക വർഷം സർക്കാർ ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&

## NATIONAL SCHOLARSHIP EXTENSION

2024-25 വർഷത്തേക്കുള്ള നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപിന് അപേക്ഷിക്കാനുള്ള സമയപരിധി സർക്കാർ ഈ മാസം 31 വരെ നീട്ടി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിൽ നിന്നുള്ള യോഗ്യരായ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ്. പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ ഈ പദ്ധതി വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നു. ഒരു വിദ്യാർത്ഥിക്ക് പ്രതിവർഷം 12,000 രൂപയാണ് സ്കോളർഷിപ്പ്.

&&&&&&&&&&&&&&&&

## HEADLINE – 5
## RAIN KERALA

തമിഴ്നാട്, പുതുശ്ശേരി, കർണാടക എന്നിവിടങ്ങളിൽ അടുത്ത നാല് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ അടുത്ത ഒരാഴ്ച നേരിയ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കള്ളക്കടൽ പ്രതിഭാസത്തിന് സാധ്യയുള്ളതിനാൽ കേരളത്തിലെ എല്ലാ തീരദേശ ജില്ലകളിലും സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&

## BALACHANDRAN VADAKKEDATH

സാഹിത്യനിരൂപകനും സാംസ്കാരികപ്രവർത്തകനുമായ ബാലചന്ദ്രൻ വടക്കേടത്ത് അന്തരിച്ചു. 69 വയസായിരുന്നു. ഏറെ നാളായി അസുഖബാധിതനായിരുന്നു. കഴിഞ്ഞ ദിവസം ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെ തുടർന്ന് തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിന്നു. കേരള കലാമണ്ഡലം സെക്രട്ടറി, സാഹിത്യ അക്കാഡമി വൈസ് പ്രസിഡന്റ്, കേന്ദ്ര സാഹിത്യ അക്കാഡമി അംഗം, സമസ്ത കേരളസാഹിത്യ പരിഷത്ത് നിർവാഹകസമിതി അംഗം എന്നി നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&